തിരുത്തിയ മറുപടി

# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2210 13.06.2019-ൽ മറുപടി നൽകിയത്

## ക്ഷേത്രങ്ങൾ സംരക്ഷിക്കാൻ പുരാവസ്തു വകുപ്പ് നടപടി

**ചോദ്യം**

ശ്രീ.എം.രാജഗോപാലൻ

**ഉത്തരം**

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹു.തുറമുഖവും മ്യൂസിയവും
പുരാവസ്തു സംരക്ഷണവും, പുരാരേഖയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| | അത്യപൂർവ്വമായ കൊത്തു പണികൾ കൊണ്ടും ചുവർചിത്ര മെഴുത്തു കൊണ്ടും പ്രശസ്തമായ മടിയൻകൂലോം ഉദിനൂർ ക്ഷേത്രപാലക ക്ഷേത്രം, ചെറുവത്തൂർ വീരഭദ്രക്ഷേത്രം എന്നിവ സംരക്ഷിക്കാൻ പുരാവസ്തു വകുപ്പിൽ നിന്നും നടപടി ഉണ്ടാകുമോ എന്നറിയിക്കാമോ? | | കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ്ഗ് താലൂക്കിൽ സ്ഥിതിചെയ്യുന്ന മടിയൻ കൂലോംക്ഷേത്രം പുരാവസ്തുവകുപ്പിന്റെ സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കുന്നതിനായി ടി ക്ഷേത്രത്തിന്റെ റവന്യൂ വിശദവിവരം പുരാവസ്തു വകുപ്പ് ഡയറക്ടർ കാസർഗോഡ് ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിരുന്നു. തുടർന്ന് ജില്ലാ കളക്ടർ ലഭ്യമാക്കിയ റവന്യൂ വിശദവിവരത്തിൽ അപാകതയുള്ളതിനാൽ ആയത് പരിഹരിച്ച് എഫ്.എം.ബി സ്കെച്ച്, പ്ലാൻ എന്നിവ ഉൾപ്പെടെ റിപ്പോർട്ട് ലഭ്യമാക്കുവാൻ 26.11.2018 ന് വീണ്ടും കത്ത് നൽകിയിരിക്കുകയാണ്. റിപ്പോർട്ട് ലഭ്യമായാലുടൻ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>ഉദിനൂർ ക്ഷേത്ര പാലക ക്ഷേത്രം കൊട്ടാരം 2011 മുതൽ പുരാവസ്തുവകുപ്പിന്റെ സംരക്ഷിത സ്മാരകമാണ്.<br><br>ചെറുവത്തൂർ വീരഭദ്രക്ഷേത്രം നിലവിൽ പുരാവസ്തുവകുപ്പിന്റെ സംരക്ഷിതസ്മാരകമല്ല. ആയത് 1968-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ട് പ്രകാരം പരിശോധിച്ച് സംരക്ഷിതയോഗ്യമാണെന്ന് ബോധ്യപ്പെടുന്ന പക്ഷം അനന്തരനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ